# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന്
അവലോകന യോഗങ്ങൾ</u>

6955 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഇതിനായി മരാമത്ത് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ജില്ലാതല അവലോകന യോഗങ്ങൾ കൂടുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ;

(സി) ഇതിനായി കൈക്കൊളളാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>റോഡ് ഡ്യൂറബിലിറ്റി ഗ്യാരന്റി നിയമം</u>

6956 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകൾ നിർമ്മിച്ച് ഹ്രസ്വകാലഘട്ടത്തിനുള്ളിൽ പൊട്ടിപ്പൊളിഞ്ഞു ഗതാഗതയോഗ്യമല്ലാതാകുന്നതു തടയുവാൻ ഇന്നുള്ള നിയമത്തിൽ എന്തൊക്കെ വ്യവസ്ഥകളാണുള്ളത്;

(ബി) റോഡുകളുടെ ദീർഘകാല സംരക്ഷണം ഉറപ്പാക്കുവാൻ റോഡ് ഡ്യൂറബിലിറ്റി ഗ്യാരന്റി നിയമം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത നിയമം തയ്യാറാക്കുന്നതിനായി ഈ രംഗത്തെ വിദഗ്ധരുടേയും വിവിധ സംഘടനാ നേതാക്കളുടേയും പ്രത്യേക സെമിനാർ നടത്തുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ബി. എം. ബി. സി. ടാറിംഗ് രീതി</u>

6957 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി. എം. ബി. സി. ടാറിംഗ് രീതി അവലംബിച്ച് പൊതുമരാമത്ത് റോഡ് ടാർ ചെയ്യുന്നതിന് പ്രസ്തുത റോഡ് പ്രത്യേക നിലവാരത്തിൽ ചെയ്യുന്നതായിരിക്കണം എന്ന മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എല്ലാ ജില്ലാ റോഡുകളും മുനിസിപ്പൽ പ്രദേശങ്ങളിലും മറ്റു നഗരപ്രദേശങ്ങളിലുമുള്ള പ്രധാന റോഡുകളും റീടാർ ചെയ്യുമ്പോൾ ബി. എം. ബി. സി. ടാറിംഗ് രീതി അവലംബിക്കാൻ ഒരു പൊതു ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>കേരള റോഡ് ഫണ്ട് ബോർഡിന്റെ നവീകരണ പ്രവർത്തനങ്ങൾ</u>

6958 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടത്തിവരുന്ന നവീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(ബി) നഗരങ്ങളിൽ നടത്തിവരുന്ന റോഡ് നവീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ക്വാര്‍ട്ടേഴ്സ് സംബന്ധിച്ച വിശദാംശങ്ങള്‍</u>

6959

ശ്രീ. ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരത്തെ സര്‍ക്കാര്‍ ക്വാര്‍ട്ടേഴ്സുകളില്‍ നിലവില്‍ എത്ര എണ്ണം ഒഴിഞ്ഞുകിടപ്പുണ്ടെന്ന് മേഖല തിരിച്ച് ക്വാര്‍ട്ടേഴ്സ് നമ്പര്‍ സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്വാര്‍ട്ടേഴ്സുകളില്‍ താമസിക്കുന്നവരില്‍ എത്ര പേര്‍ 2012 മാര്‍ച്ച് 31 നു വിരമിക്കുമെന്ന് പേര്, വകുപ്പ്, ക്വാര്‍ട്ടേഴ്സ് നമ്പര്‍, മേഖല എന്നിവ സഹിതം വ്യക്തമാക്കാമോ;

(സി) അപ്രകാരം ഒഴിവുവരുന്ന ക്വാര്‍ട്ടേഴ്സുകള്‍ മുന്‍കൂട്ടി മറ്റൊരാളിനു അനുവദിക്കാറുണ്ടോ; എങ്കില്‍ വിശദവിവരം നല്‍കാമോ;

(ഡി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം പ്രത്യേക ഉത്തരവ് പ്രകാരം ക്വാര്‍ട്ടേഴ്സുകള്‍ അനുവദിച്ചുവോ; വിശദവിവരം നല്‍കാമോ;

(ഇ) തിരുവനന്തപുരത്ത് സ്വന്തമായി വീടുള്ളവര്‍ക്ക് ക്വാര്‍ട്ടേഴ്സ് ലഭ്യമാവുകയും അതില്‍ താമസിച്ചുകൊണ്ട് സ്വന്തം വീട് വാടകയ്ക്ക് നല്‍കുകയും ചെയ്യുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) ക്വാര്‍ട്ടേഴ്സ് ലഭിച്ച ശേഷം അത് വാടകയ്ക്ക് നല്‍കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇപ്രകാരം പരാതികള്‍ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കില്‍ എന്തു നടപടി സ്വീകരിച്ചു;

(ജി) ക്വാര്‍ട്ടേഴ്സ് ലഭിക്കുന്നതിനായി നിലവില്‍ എത്ര അപേക്ഷകള്‍ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ; അപേക്ഷകരുടെ ബാഹുല്യം കണക്കിലെടുത്ത് പുതിയ ക്വാര്‍ട്ടേഴ്സുകള്‍ നിര്‍മ്മിക്കുന്നതിനു നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

(എച്ച്) ക്വാർട്ടേഴ്സ് അനുവദിക്കുന്ന കാര്യത്തിൽ മറ്റു ജില്ലക്കാരായ ഉദ്യോഗസ്ഥർക്കു പ്രത്യേക പരിഗണന നൽകാറുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി അതിന്മേൽ നടപടി സ്വീകരിക്കുമോ;

(ഐ) അപേക്ഷകരുടെ സീനിയോരിറ്റി, താമസക്കാരുടെ വിശദാംശങ്ങൾ എന്നിവ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും കമ്പ്യൂട്ടർ സോഫ്റ്റ് വെയർ മുഖാന്തിരം അലോട്ട്മെന്റ് നടത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ക്വാര്‍ട്ടേഴ്സ് അനുവദിച്ചു കിട്ടുന്നതിന് നടപടി</u>

6960 ശ്രീ. ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തലസ്ഥാന നഗരപരിധിയില്‍ സേവനമനുഷ്ഠിക്കുന്നതും സര്‍വ്വീസ് കാലഘട്ടത്തില്‍ നഗരത്തിനു പുറത്തേയ്ക്കോ മറ്റ് ജില്ലകളിലേയ്ക്കോ സാധാരണ ഗതിയില്‍ സ്ഥലംമാറ്റം ഇല്ലാത്തതുമായ എത്ര സംസ്ഥാന സര്‍ക്കാര്‍ ഉദ്യോഗസ്ഥരുടെ ക്വാര്‍ട്ടേഴ്സിനായുള്ള അപേക്ഷയാണ് ഇനിയും തീര്‍പ്പാക്കാനുള്ളത് ;

(ബി) അപേക്ഷകരില്‍ ഏറിയ പങ്കും മറ്റ് ജില്ലകളില്‍ നിന്നും തിരുവനന്തപുരത്ത് ഉദ്യോഗ സംബന്ധമായി എത്തിയതും തലസ്ഥാനത്ത് സ്വന്തമായി വീടോ ഭൂമിയോ ഇല്ലാത്തവരുമാണെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) സര്‍ക്കാര്‍ ക്വാര്‍ട്ടേഴ്സിനായി അപേക്ഷിച്ച് വര്‍ഷങ്ങള്‍ കഴിഞ്ഞാലും ആയത് ലഭ്യമാകാത്ത സാഹചര്യം നിലവിലുണ്ടോ ; എത്ര വര്‍ഷമാണ് സ്പെഷ്യല്‍ സാങ്ഷനില്ലാതെ ക്വാര്‍ട്ടേഴ്സ് ലഭ്യമാകാന്‍ നിലവില്‍ വേണ്ടിവരുന്നത്;

(ഡി) അവശ്യവസ്തുക്കളുടെ വിലക്കയറ്റം, കുട്ടികളുടെ വിദ്യാഭ്യാസം, ഭീമമായ വീട്ടുവാടക എന്നിവ മൂലം കഷ്ടപ്പെടുന്നതും തലസ്ഥാന നഗരത്തിലെ സ്ഥലംമാറ്റം സാധാരണയായി ബാധിക്കാത്തതും കാമ്പസ് ഓഫീസുകളില്‍ സേവനമനുഷ്ഠിക്കുന്നതുമായ സംസ്ഥാന സര്‍ക്കാര്‍ ഉദ്യോഗസ്ഥര്‍ക്ക് റെയില്‍വേ, ബാങ്കുകള്‍ എന്നീ മേഖലകളിലെ ഉദ്യോഗസ്ഥര്‍ക്ക് ലഭ്യമാകുന്നതുപോലെ നഗരപരിധിക്കുള്ളില്‍ പ്രത്യേകമായി ഒരു ക്വാര്‍ട്ടേഴ്സ് സമുച്ചയം നിര്‍മ്മിക്കുവാനും, ആയത് മേല്‍ സൂചിപ്പിച്ച വിഭാഗത്തിലെ ഉദ്യോഗസ്ഥര്‍ക്ക് മാത്രം അനുവദിക്കുവാനും വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്ത് പ്രവൃത്തികൾ</u>

6961

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ലഭിച്ചു കഴിഞ്ഞ ശേഷം 3.9.2011 ൽ നിരക്കുകൾ 15% വർദ്ധിപ്പിച്ചതിനാൽ പ്രസ്തുത പ്രവൃത്തികൾ ടെൻഡർ ചെയ്യാൻ കഴിയാത്ത അവസ്ഥ നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ സാഹചര്യത്തിൽ സാങ്കേതിക അനുമതി ലഭിച്ച പ്രവൃത്തികൾക്ക് വീണ്ടും സാങ്കേതിക അനുമതി വാങ്ങേണ്ടതുണ്ടോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ശബരിമലയിൽ തീർത്ഥാടകർക്കായി പിൽഗ്രിം സെന്ററുകൾ</u>

6962 ശ്രീ.കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ തീർത്ഥാടകർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് മരാമത്ത് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) തീർത്ഥാടകർക്കായി പിൽഗ്രിം സെന്ററുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഉടുമ്പൻചോല താലൂക്കിലെ പ്രവൃത്തികൾ</u>

6963 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഉടുമ്പൻചോല താലൂക്കിൽ പ്രവൃത്തികൾ തുടങ്ങിയിട്ടുള്ളതും, അനുമതി ലഭിച്ചിട്ടുള്ളതുമായ റോഡുകളുടെ എണ്ണം എത്രയാണ്; ആയതിന്റെ പേരും ദൈർഘ്യവും അനുവദിച്ച തുകയും സംബന്ധിച്ച വിശദാംശം നല്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കുണ്ടറ നിയോജക മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ് പദ്ധതികൾ</u>

6964 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ് -ൽ പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ;

(ബി) കുണ്ടറ നിയോജക മണ്ഡലത്തിലെ ഏതെങ്കിലും റോഡോ പാലമോ ഈ വർഷത്തെ പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ നടത്തുന്ന ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) ആർ.ഐ.ഡി.എഫ് ഒഴികെ ഏതെല്ലാം ഫണ്ടുകൾ ആണ് റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിന് നീക്കിവച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

മാവേലിക്കര പട്ടണത്തിന്റെ നവീകരണം

6965 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകൾ സർക്കാർ ഏറ്റെടുത്ത് പണി ചെയ്യുന്നത് ആലോചിച്ചിട്ടുണ്ടോ; ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) എം.എൽ.എ. മാർ നിർദ്ദേശിക്കുന്ന റോഡുകൾ ഇപ്രകാരം ഏറ്റെടുക്കുമോ;

(സി) മാവേലിക്കര പട്ടണത്തിന്റെ നവീകരണത്തിനായി ജംഗ്ഷൻ വൈഡനിംഗിന് കൂടുതൽ തുക അനുവദിക്കുമോ;

(ഡി) മാവേലിക്കര മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ പേരും ദൈർഘ്യവും ലഭ്യമാക്കുമോ; ഇവയിൽ ഗതാഗതയോഗ്യവും അല്ലാത്തതുമായ റോഡുകൾ ഏതൊക്കെയാണ്;

(ഇ) മാവേലിക്കര പി.ഡബ്ലിയു.ഡി. എ.ഇ. ഓഫീസിന്റെ സ്ഥലപരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

പയ്യന്നൂര്‍ നിയോജകമണ്ഡലത്തിലെ മരാമത്ത് പണികള്‍

6966 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പയ്യന്നൂര്‍ നിയോജകമണ്ഡലത്തില്‍ റോഡുകള്‍, പാലങ്ങള്‍, കെട്ടിടങ്ങള്‍, ദേശീയ പാത എന്നീ വിഭാഗങ്ങളില്‍ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളും അവയുടെ നിലവിലുള്ള അവസ്ഥയും വിശദമാക്കാമോ;

(ബി) പയ്യന്നൂര്‍ നിയോജകമണ്ഡലത്തില്‍ ഭരണാനുമതിയും സാമ്പത്തിക അനുമതിയും ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്തവ ഏതെല്ലാമാണ്; പ്രസ്തുത പ്രവൃത്തികള്‍ ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

കൊയിലാണ്ടി മണ്ഡലത്തിലെ പൊതുമരാമത്ത്
പ്രവൃത്തികളുടെ വിശദാംശം

6967

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്നതും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടും ടെണ്ടർ നടപടികൾ പൂർത്തിയാകാത്തതുമായ പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നിനും അനുമതി ലഭിച്ച തുക എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(സി) കൊയിലാണ്ടി മണ്ഡലത്തിൽ 2011 -12 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകുന്നതിന് ഏതൊക്കെ പ്രവൃത്തികളാണ് പരിഗണിക്കുന്നത് എന്ന് വിശദമാക്കാമോ ;

(ഡി) ജില്ലാ റോഡ് പാക്കേജിൽ ഉൾപ്പെടുത്തിയ റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; അവയിൽ ഏതൊക്കെ റോഡുകൾക്ക് ഭരണാനുമതി ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ വിഭാഗത്തിൽ മണ്ഡലത്തിലുള്ള റോഡുകളുടെ വിശദവിവരം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

ഷൊർണ്ണൂർ മണ്ഡലത്തിലെ മരാമത്ത് പണികൾ

6968 ശ്രീ. കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ മരാമത്ത് വകുപ്പ് നടത്തിവരുന്നതും അനുമതി ലഭിച്ചതുമായ റോഡ്, പാലം, കെട്ടിടം, പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും ലിസ്റ്റ് സഹിതം വ്യക്തമാക്കുമോ;

(ബി) 2011-12 വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് ഷൊർണ്ണൂർ മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണ് പുതിയതായി അനുമതി നൽകി ഏറ്റെടുത്ത് നടപ്പിലാക്കുന്നത് ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിലെ മരാമത്ത് തുടർപ്രവൃത്തികൾ</u>

6969 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഭരണാനുമതി നൽകിയ കൊയിലാണ്ടി മണ്ഡലത്തിൽപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) ഭരണാനുമതിയുള്ള ഓരോ പ്രവൃത്തിയ്ക്കും വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതിയുള്ള പ്രവൃത്തികളിൽ എന്തെല്ലാം തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടുണ്ട്;വിശദമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കുണ്ടറ നിയോജക മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ</u>

6970 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കുണ്ടറ നിയോജകമണ്ഡലത്തിൽ നിലവിൽ ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നത്;

(ബി) ഓരോ പ്രവൃത്തിയുടേയും അടങ്കൽതുകയും നിലവിലെ സ്ഥിതിയും പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ;

(സി) കുണ്ടറ മണ്ഡലത്തിലെ റോഡുകളുടെ പരിഷ്കരണ പ്രവൃത്തികൾ ഡിസംബർ 31-നകം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ഗ്രീന്‍ ബില്‍ഡിംഗ് പദ്ധതി

6971 ശ്രീ. എ. റ്റി. ജോര്‍ജ്
,, ബെന്നി ബെഹനാന്‍
,, വി. റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

'ഗ്രീന്‍ ബില്‍ഡിംഗ് പദ്ധതി' നടപ്പാക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട എല്ലാവരുമായി ചര്‍ച്ച ചെയ്യാന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>നാറ്റ്പാക്കിന്റെ പഠന റിപ്പോർട്ട്</u>

6972 ശ്രീ. എ. റ്റി. ജോർജ്
,, ബെന്നി ബെഹനാൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ പൊതുമരാമത്ത് സെക്ഷൻ ഓഫീസുകളുടെ പുനഃക്രമീകരണം സംബന്ധിച്ച നാറ്റ്പാക്കിന്റെ പഠന റിപ്പോർട്ട് എന്നു ലഭിക്കുമെന്നാണ് കരുതുന്നത്?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

പൊതുമരാമത്ത് വകുപ്പിന്റെ സുതാര്യത

6973 ശ്രീ. ഇ. പി. ജയരാജൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. രാജു എബ്രഹാം
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ സുതാര്യത ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ബി) ഇ-ടെണ്ടറും, ഇ-പേമെന്റും പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>നാദാപുരം മണ്ഡലത്തിലെ മരാമത്ത് പണികൾ</u>

6974 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ മരാമത്ത് വകുപ്പിന്റെ കീഴിൽ മുൻ സർക്കാറിന്റെ കാലത്ത് വിവിധ പ്രവൃത്തികളിലായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ;

(ബി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ; അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ; അവ അടിയന്തിരമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>കൊണ്ടോട്ടി മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി പ്രവൃത്തികൾ</u>

6975 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി യുമായി ബന്ധപ്പെട്ട് ഇതുവരെ അനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പുതുതായി അനുമതിക്കായി ഏതെല്ലാം പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് പേരാമ്പ്ര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം</u>

6976

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ 2010 ന് ശേഷം എത്ര കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്;

(ബി) ഈ കെട്ടിടങ്ങൾക്കെല്ലാം കൂടി എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിൽ ആകെ എത്ര രൂപ ചെലവായി എന്നും എത്ര കെട്ടിടങ്ങളുടെ പണി പൂർത്തിയായി എന്നും വെളിപ്പെടുത്തുമോ;

(ഡി) ആരംഭിക്കാത്ത കെട്ടിടങ്ങൾ എത്ര;

(ഇ) പേരാമ്പ്ര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് എത്ര തുക വകയിരുത്തി; ഏത് സാമ്പത്തിക വർഷത്തിലാണ് തുക വകയിരുത്തിയിട്ടുള്ളത്; പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ ടെന്റർ ചെയ്ത് പ്രവൃത്തി ആരംഭിക്കുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

ഗസ്റ്റ് ഹൗസുകളുടെ നവീകരണം

6977 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റസ്റ്റ് ഹൗസുകളോട് ചേർന്ന് ധാരാളം ഭൂമി ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഈ ഭൂമി ഫലപ്രദമായി വിനിയോഗിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) കേരളത്തിലെ റസ്റ്റുഹൗസുകൾ നവീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) ഒറ്റപ്പാലം ശ്രീകൃഷ്ണപുരം റസ്റ്റ് ഹൗസ് നിർമ്മാണത്തിന്റെ കാലിക സ്ഥിതി വിശദീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കോങ്ങാട് റസ്റ്റ് ഹൗസ്</u>

6978 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കോങ്ങാട് ഒരു പി. ഡബ്ള്യു. ഡി.റസ്റ്റ് ഹൗസ് ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പഞ്ചായത്തും, ജനപ്രതിനിധികളും ചേർന്ന് റസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പി. ഡബ്ള്യു. ഡി.ക്ക് നൽകിയാൽ കോങ്ങാട് റസ്റ്റ്ഹൗസ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ എന്തായിരിക്കുമെന്ന് വിശദീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ദേശീയപാതാ വികസനം പഠിക്കാൻ കമ്മിറ്റി

6979 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. സി. ദിവാകരൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാതാ വികസനം സംബന്ധിച്ച് പഠിക്കാൻ ഒരു പ്രത്യേക കമ്മിറ്റി എന്നാണ് രൂപീകരിച്ചത്;

(ബി) പ്രസ്തുത കമ്മിറ്റി എന്തെല്ലാം വിഷയങ്ങളാണ് പഠന വിധേയമാക്കിയിട്ടുള്ളത്;

(സി) പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് എപ്പോൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

എൻ.എച്ച്.212 വികസനം

6980

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്.212 വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ പ്രവർത്തനങ്ങൾക്കായി ഓഫീസ് തുറന്നിട്ടുണ്ടോ; എങ്കിൽ എവിടെയാണെന്നും ഓഫീസ് ചുമതല ആർക്കാണെന്നും വ്യക്തമാക്കാമോ;

(ഡി) ഇത് എത്ര മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനായാണ് തീരുമാനിച്ചിട്ടുള്ളത്;

(ഇ) പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ ടോൾ ഏർപ്പെടുത്തുമോ;

(എഫ്) എങ്കിൽ ടോൾ പിരിവിനുള്ള മാനദണ്ഡവും എത്ര രൂപ വീതം ടോൾ നൽകേണ്ടി വരുമെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

സംസ്ഥാന പാത 34-ൽ ബാലുശ്ശേരിയിലെ ഗതാഗതക്കുരുക്ക്

6981 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനപാത 34-ൽ (കെ.ടി.എം.ഇ.എ) ബാലുശ്ശേരി അങ്ങാടി പ്രദേശത്ത് വർദ്ധിച്ചുവരുന്ന ഗതാഗത തടസ്സം ഒഴിവാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ ;

(ബി) സംസ്ഥാനപാത 34ന് ബാലുശ്ശേരി അങ്ങാടി ഭാഗത്ത് ഒരു സമാന്തരപാതയുടെ സാദ്ധ്യത പരിശോധിക്കുന്നതിന് നിർദ്ദേശിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വാളയാർ മുതൽ വടക്കാഞ്ചേരി വരെയുള്ള</u>
<u>എൻ. എച്ച് -ന്റെ വീതി</u>

6982 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാളയാർ മുതൽ വടക്കാഞ്ചേരി വരെയുള്ള എൻ.എച്ച് - ന്റെ വീതി എത്ര മീറ്ററാണെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതിന്റെ നയം എന്താണെന്ന് വിശദീകരിക്കുമോ;

(സി) റോഡ് അലൈൻമെന്റിന്റെ തർക്കം കാരണം മുടങ്ങികിടക്കുന്ന എൻ. എച്ച്ന്റെ പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത എൻ. എച്ച് -ന് വേണ്ടി അകയർ ചെയ്ത ഭൂമിയ്ക്ക് ബന്ധപ്പെട്ടവർക്കുള്ള നഷ്ടപരിഹാര തുക മുഴുവനും നൽകി കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>തലശ്ശേരി-മൈസൂർ റോഡ്</u>

6983 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി-മൈസൂർ റോഡ് നാഷണൽ ഹൈവേ വിഭാഗത്തിൽ ഉൾപ്പെടുത്തി കിട്ടുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത റോഡിലെ തലശ്ശേരി-കൂട്ടുപുഴ (വളവുപാറ) സംസ്ഥാന പാതയുടേയും പാതയിലുള്ള പാലങ്ങളുടേയും ശോചന്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ അന്തർ സംസ്ഥാന റോഡിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള നവീകരണ പ്രവർത്തനങ്ങൾക്ക് സ്വീകരിച്ചിട്ടുള്ളതും, സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കന്യാകുമാരി - സേലം ദേശീയപാത</u>

6984 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലൂടെ കടന്നുപോകുന്ന ദേശീയപാതയുടെ പേരിൽ ഇപ്പോൾ എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ;

(ബി) എങ്കിൽ കന്യാകുമാരി - സേലം ദേശീയ പാതയുടെ നേരത്തേ ഉണ്ടായിരുന്ന പേരും ഇപ്പോഴത്തെ പേരും വ്യക്തമാക്കുമോ;

(സി) പേര് മാറ്റം സംബന്ധമായി കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് വകുപ്പിൽ നിന്ന് സംസ്ഥാനത്തിന് അറിയിപ്പ് ഇതിനകം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഔദ്യോഗിക രേഖകളിൽ പേര്മാറ്റം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; പേരുമാറ്റ നടപടികൾ എന്ന് പൂർത്തിയാകും?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>താമരശ്ശേരി, കൊടുവള്ളി ടൗണുകൾക്ക് സമാന്തര റോഡ്</u>

6985 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - വയനാട് നാഷണൽ ഹൈവേ 212 ൽ താമരശ്ശേരി, കൊടുവള്ളി ടൗണുകൾക്ക് സമാന്തര റോഡ് നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത റോഡിന് സ്ഥലം ഏറ്റെടുക്കുന്നതിന് നിയമിച്ച സ്പെഷ്യൽ ഓഫീസർ ആരൊക്കെയാണെന്നും, ഓഫീസ് എവിടെയാണ് പ്രവർത്തിക്കുന്നതെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ ദേശീയ പാതയിലെ കുഴികൾ</u>

6986 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലൂടെ കടന്നുപോകുന്ന ദേശീയ പാതയിൽ രൂപം കൊണ്ടിട്ടുള്ള ആയിരക്കണക്കിന് കുഴികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ് ജംഗ്ഷൻ, ചങ്ങനാശ്ശേരി ജംഗ്ഷൻ, വലിയ ചുടുകാടിനു സമീപം, തിരുവമ്പാടി ജംഗ്ഷൻ, ജനറൽ ആശുപത്രി ജംഗ്ഷൻ എന്നിവിടങ്ങളിൽ അപകടകരമായ രീതിയിൽ ദേശീയ പാത തകർന്നുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>തൊടുപുഴ- പുളിയൻമല സ്റ്റേറ്റ് ഹൈവേയുടെ നിർമ്മാണം</u>

6987 ശ്രീ. റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ - പുളിയൻമല സ്റ്റേറ്റ് ഹൈവേയുടെ ഒന്നാം ഘട്ടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചുവോ; വിശദാംശങ്ങൾ നല്കുമോ;

(ബി) പ്രസ്തുത സ്റ്റേറ്റ് ഹൈവേയുടെ രണ്ടാംഘട്ട നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുഘട്ടം വരെയായി; എന്ന് നിർമ്മാണം ആരംഭിക്കാൻ സാധിക്കും; വ്യക്തമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം എത്ര തുക പ്രസ്തുത നിർമ്മാണ ജോലികൾക്കായി നീക്കി വച്ചു; വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത ഹൈവേയുടെ രണ്ടാഘട്ട ജോലികൾ കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

മീൻവണ്ടികൾ മലിനജലം റോഡിൽ ഒഴുക്കുന്നതിനെതിരെ നടപടി

6988

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ വഴി കടന്നുപോകുന്ന മീൻവണ്ടികൾ മലിനജലം റോഡിൽ തന്നെ ഒഴുക്കിവിടുന്നതു മൂലം പ്രസ്തുത റോഡിനും ഇതുവഴിയുള്ള യാത്രക്കാർക്കും ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>മത്സ്യം കൊണ്ടുപോകുന്ന വാഹനങ്ങൾ ഒഴുക്കിവിടുന്ന മലിനജലം</u>

6989 ശ്രീ. റ്റി.വി രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേകളിലൂടെ മത്സ്യം കൊണ്ടുപോകുന്ന വാഹനങ്ങൾ മലിനജലം റോഡിൽ ഒഴുക്കി വിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപ്പ് കലർന്ന വെള്ളം റോഡിൽ ഒഴുക്കിവിടുന്നത് റോഡിന്റെ നിലനില്പിനെ ദോഷകരമായി ബാധിക്കുന്നുണ്ടോ;

(സി) ഇത്തരം വാഹനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് നടപ്പാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ദേശീയ പാതയിലെ കാനകൾ</u>

6990 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 47-ൽ ചന്തിരൂർ മുതൽ വടക്കോട്ടുള്ള ഭാഗത്ത് ഇരുവശങ്ങളിലും വെള്ളം കെട്ടികിടന്ന് അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപകടങ്ങൾ ഒഴിവാക്കുന്നതിനായി കാന കെട്ടുന്നത് സംബന്ധിച്ച് ആലപ്പുഴ ഇ.ഇ യുടെ പ്രോപ്പോസൽ എൻ.എച്ച്. ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദേശീയപാതയിൽ ഉണ്ടാകുന്ന ഈ അപകടങ്ങൾ ഒഴിവാക്കുന്നതിനും പ്രദേശത്തുള്ള വീടുകളിലേക്ക് വെള്ളം കയറുന്നത് തടയുന്നതിനും ദേശീയപാതയിൽ കാന കെട്ടുന്നതിന് ഭരണാനുമതി നല്കി കാനകെട്ടുന്നതിനുള്ള നടപടി അതിവേഗം സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാർ ചെയ്യുന്ന പദ്ധതി</u>

6991 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡുകളുടെ അറ്റകുറ്റപ്പണിക്കും നവീകരണത്തിനുമായി എത്ര തുക ചെലവഴിച്ചു; ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) കാലവർഷക്കെടുതികളെ അതിജീവിക്കുവാൻ പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാർ ചെയ്യുന്ന പദ്ധതി നടപ്പിലാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

റോഡുകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി ഹെൽപ്പ് ലൈൻ

6992

ശ്രീ. വി. ഡി. സതീശൻ
,, കെ. മുരളീധരൻ
,, കെ. അച്ചുതൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ കാര്യക്ഷമമാക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കേരളത്തിലെ റോഡുകളുടെ ഗുണനിലവാരം ഉയർത്തൽ</u>

6993 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റോഡുകളുടെ സുരക്ഷിതത്വത്തിനുവേണ്ടി ഗുണനിലവാരം ഉയർത്താൻ ശാസ്ത്രീയ നിർമ്മാണമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനായി വിദഗ്ദ്ധ സമിതിയുടെയോ സബ്ജക്ട് എക്സ്പെർട്ടിന്റേയോ പഠനം സംഘടിപ്പിക്കുമോ ;

(ബി) ഇക്കാര്യത്തിനുവേണ്ടി വിദേശ രാജ്യങ്ങളുടെ സഹായം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ

6994

ശ്രീ. വര്‍ക്കല കഹാര്‍
,, വി. ഡി. സതീശന്‍
,, എം. പി. വിന്‍സെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്ന പഞ്ചായത്തു റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുവാന്‍ നടപടി എടുക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ശബരിമല റോഡുകളുടെ അറ്റകുറ്റ പണികൾ

6995 ശ്രീ. ജോസഫ് വാഴക്കൻ
,, പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിന് എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) നവംബർ 14-ന് മുമ്പ് പണികൾ പൂർത്തിയാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണി

6996 ശ്രീ.ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തിനുമുന്നോടിയായി ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതിന് എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് ;

(സി) റോഡിന്റെ പണികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ശബരിമല റോഡുകളുടെ ഹെവി മെയിന്റനൻസ്

6997 ശ്രീ. കെ. മുരളീധരൻ
,, സി. പി. മുഹമ്മദ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല റോഡുകളുടെ ഹെവി മെയിന്റനൻസിനു വേണ്ടി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ബി) ഈ പണികൾ യഥാസമയം നടത്തുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) ഇതിന് എന്ത് തുക അനുവദിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ നാഷണൽ ഹൈവേ</u>

6998 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നാഷണൽ ഹൈവേ നാലുവരിപ്പാതയാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിനായി വളരെ കുറച്ച് സ്ഥലം മാത്രം ഏറ്റെടുക്കേണ്ടിവരുന്ന ഈ ജില്ലയിൽ ഈ പദ്ധതി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

റോഡുകളുടെ പുന:നിർമ്മാണം

6999 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ കാലടി മരുതൂർകടവ് റോഡ്, പാപ്പനംകോട് - പാമാംകോട് റോഡ് എന്നിവ പുനർ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കായംകുളം-പുനലൂർ റോഡിൽ വർദ്ധിച്ചുവരുന്ന അപകടങ്ങൾ</u>

7000 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം-പുനലൂർ റോഡിൽ അപകടങ്ങൾ കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്ത് നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>റോഡുകളിലെ കുഴികളിൽ വീണ് അപകടങ്ങൾ</u>

7001 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി റോഡുകളിലെ കുഴികളിൽ വീണ് അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം റോഡിലെ കുഴികളിൽ വീണ് മരണപ്പെട്ടതും, പരിക്കേറ്റതുമായ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇത്തരത്തിലുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>വേഗത നിയന്ത്രണം</u>

7002 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേഗത നിയന്ത്രണത്തിനായി റോഡുകളിൽ സ്പീഡ് ബ്രേക്കറുകൾക്ക് പകരം എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ബി) പണി പൂർത്തീകരിച്ച എം.സി. റോഡ് പ്രദേശത്ത് റോഡപകടങ്ങൾ ഒഴിവാക്കാൻ റോഡ് സേഫ്റ്റി അതോറിറ്റി മരാമത്ത് വകുപ്പ് വഴി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>റോഡുകളിലെ സ്പീഡ് ബ്രേക്കറുകൾ</u>

7003 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളിലെ സ്പീഡ് ബ്രേക്കറുകൾ, ഹമ്പുകൾ എന്നിവ എടുത്തു മാറ്റണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ;

(ബി) ഉത്തരവ് നടപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഹമ്പുകളിൽ മുന്നറിയിപ്പ് ബോർഡുകൾ ഇല്ലാത്തതിനാലും, വെള്ള ലൈനുകൾ വരയ്ക്കാതിരിക്കുന്നതിനാലും ഉണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം ആലോചനയിലുണ്ടോ;

(ഡി) വാഹനങ്ങൾക്ക് റോഡുകളിലെ ഓരോ ഭാഗത്തും എടുക്കാവുന്ന സ്പീഡ് ലിമിറ്റ് രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കാൻ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>റോഡുകളുടെ തകർച്ച</u>

7004

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ തകർച്ചയ്ക്ക് കാരണമാകുന്ന പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ മരാമത്ത് വകുപ്പിൽ ഏത് ഉദ്യോഗസ്ഥർക്കാണ് അധികാരമുള്ളത്;

(ബി) ഇത്തരത്തിലുള്ള തകർച്ചയ്ക്ക് കാരണക്കാരെ കണ്ടെത്തിയിട്ടും നടപടിയെടുക്കാത്ത വകുപ്പുദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പി. ഡബ്ള്യു. ഡി. ഏറ്റെടുത്ത വൈക്കത്തെ റോഡുകൾ</u>

7005 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകൾ പി. ഡബ്ള്യു. ഡി. ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് വൈക്കം താലൂക്കിൽ എത്ര കിലോമീറ്റർ റോഡ് പി. ഡബ്ള്യു. ഡി. ഏറ്റെടുത്തിട്ടുണ്ട് ;

(ബി) വൈക്കം നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകൾ തിരിച്ച് ഇതിന്റെ കണക്ക് വ്യക്തമാക്കുമോ ;

(സി) കൂടുതൽ റോഡുകൾ ഇനിയും ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ ;

(ഡി) ഏറ്റെടുത്ത റോഡുകളിൽ ഈ വർഷം ഏതൊക്കെ റോഡുകളുടെ പണികൾ പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ</u>

7006

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി പൊതുമരാമത്ത് വകുപ്പിൽ എന്തെല്ലാം പദ്ധതികളാണുള്ളത്; ഓരോ പദ്ധതിയിലും എത്ര തുകയാണ് നീക്കി വെച്ചിരിക്കുന്നത്;

(ബി) ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ ഉണ്ടായിരുന്ന കൊയിലാണ്ടി മണ്ഡലത്തിലെ എത്ര കിലോമീറ്റർ റോഡ് പൊതുമരാമത്ത് വകുപ്പ് തിരിച്ചെടുത്തിട്ടുണ്ട്;

(സി) ഇങ്ങനെ തിരിച്ചെടുത്തിട്ടുള്ള കൊയിലാണ്ടി മണ്ഡലത്തിലെ റോഡുകൾ പുനരുദ്ധരിക്കാൻ പി.ഡബ്ല്യു.ഡി. തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സെൻട്രൽ റോഡു ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ റോഡുകൾ</u>

7007 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ സെൻട്രൽ റോഡു ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുകയാണു സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത തുകയുടെ വിതരണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) കണ്ണൂർ ജില്ലയിൽ ഇതിൽ നിന്ന് ഏതെല്ലാം റോഡുകൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ ഗ്രാമീണ റോഡുകളെ കുറിച്ചുള്ള പഠനം</u>

7008 ശ്രീ. എം. വി ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാറ്റ്പാക്-ന്റെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിലെ ഗ്രാമീണ റോഡുകളുടെ സമഗ്രമയ വികസനത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പഠനറിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ജില്ലയിലെ ഗ്രാമീണ റോഡുകളുടെ വികസനത്തിനും ആസൂത്രണത്തിനുമായി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കരുനാഗപ്പള്ളി മണ്ഡലത്തിലെ റോഡ് പണികള്‍</u>

7009 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തില്‍ പി. ഡബ്ലിയൂ. ഡി. പ്രവൃത്തികള്‍ സ്തംഭനാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) നബാര്‍ഡ് സ്കീമില്‍ ഉള്‍പ്പെടുത്തിയ എത്ര റോഡുകളുടെ പണിയാണ് പൂര്‍ത്തീകരിക്കാനുള്ളത്; കഴിഞ്ഞ ബഡ്ജറ്റില്‍ ഉള്‍പ്പെടുത്തിയ റോഡുകള്‍ എത്ര; എത്രയെണ്ണം പണി പൂര്‍ത്തീകരിച്ചു; ബാക്കിയുള്ളവ എന്ന് പൂര്‍ത്തീകരിക്കാന്‍ കഴിയും;

(സി) എത്ര റോഡുകളാണ് അപ്ഗ്രഡേഷന്‍ പ്രവൃത്തികളില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത്; എത്രയെണ്ണം പൂര്‍ത്തീകരിച്ചു; ബാക്കി എപ്പോള്‍ പൂര്‍ത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പേരാവൂര്‍ - കൊട്ടിയൂര്‍ - മാനന്തവാടി റോഡ്</u>

7010 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പേരാവൂര്‍ - കൊട്ടിയൂര്‍ - മാനന്തവാടി റോഡ് വീതി കൂട്ടി നികത്തി നവീകരിക്കുന്നതിനുള്ള നടപടികള്‍ പരിഗണനയിലുണ്ടോ;

(ബി) ഇക്കാര്യത്തില്‍ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ചേലക്കര ബൈപ്പാസ് നിർമ്മാണം

7011 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ ചേലക്കര ബൈപ്പാസ് നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിന്റെ കാലതാമസത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ചേലക്കര ടൗണിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ബൈപ്പാസ് നിർമ്മാണ നടപടികൾ ത്വരിതപ്പെടുത്തുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

മലപ്പുറം-കോട്ടപ്പടി ബൈപ്പാസ് നിർമ്മാണം

7012 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം-കോട്ടപ്പടി ബൈപ്പാസ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വെക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(സി) പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കി ബൈപ്പാസ് നിർമ്മാണം പൂർത്തീകരിക്കുമോ;

(ഡി) മലപ്പുറം തിരൂർ റോഡിൽ കോട്ടപ്പടി ജംഗ്ഷൻ മുതൽ നൂറാടിപ്പാലം വരെ റോഡ് വീതി കൂട്ടി നിർമ്മിക്കുന്ന ജോലികൾ അടിയന്തിരമായി പൂർത്തീകരിക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>വയനാട് ചുരം റോഡിന് ബദൽ റോഡ്</u>

7013 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ചുരം റോഡിന് ബദലായി റോഡ് നിർമ്മിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) ബദൽ റോഡിന്റെ സാധ്യതാ പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ചുരം റോഡിന് ബദലായി റോഡ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

നബാര്‍ഡ് പദ്ധതിയിലുള്‍പ്പെട്ട വൈക്കത്തെ റോഡുകള്‍

7014 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നബാര്‍ഡിന്റെ ധനസഹായത്തോടെ വൈക്കം നിയോജകമണ്ഡലത്തില്‍ പണിയുന്ന റോഡുകളുടെ വിവരങ്ങള്‍ വെളിപ്പെടുത്തുമോ ;

(ബി) കൂടുതല്‍ പണികള്‍ ഏറ്റെടുത്ത് ഉന്നതനിലവാരത്തില്‍ റോഡുകള്‍ പൂര്‍ത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) നിലവില്‍ നബാര്‍ഡിന്റെ സഹായത്തോടെ വൈക്കം നിയോജകമണ്ഡലത്തില്‍ പണിയുന്ന കപിക്കാട് കല്ലുപുര വാക്കേത്തറ റോഡിന്റെ പണി പൂര്‍ത്തീകരിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ; റോഡിന്റെ പണി എന്നു പൂര്‍ത്തിയാക്കാന്‍ കഴിയും എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പൊള്ളാച്ചി - തൃശ്ശൂർ ഗോവിന്ദാപുരം - മംഗലം റോഡ്</u>

7015

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1000 കി. മീ. പി.ഡബ്ല്യു.ഡി. റോഡുകൾ നിലവാരം ഉയർത്തുന്നതിനായി തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ തീരുമാനിച്ചിട്ടുണ്ടോ;

(ബി) അന്തർ സംസ്ഥാന റോഡായ പൊള്ളാച്ചി - തൃശ്ശൂർ റോഡിലെ ഗോവിന്ദാപുരം - മംഗലം റോഡ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ ബൈപ്പാസ് നിർമ്മാണം</u>

7016 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തടസ്സം എന്താണ് ; ഈ തടസ്സങ്ങൾ നീക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിന് ആവശ്യമായ 150 കോടി രൂപ അനുവദിച്ചതായുള്ള കേന്ദ്ര സഹമന്ത്രിയുടെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക അനുവദിച്ചു; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത തുക ലഭിച്ചുവോ ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സം എന്താണ് ;

(ഇ) ബൈപ്പാസ് നിർമ്മാണം പൂർത്തിയാക്കാൻ ഇനി എത്ര കാലം കൂടി വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കൽപ്പറ്റ ബൈപ്പാസ്</u>

7017 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ ബൈപ്പാസിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) പദ്ധതിയുടെ പ്രവർത്തനം എന്ന് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>കൊണ്ടോട്ടി ബൈപ്പാസ്</u>

7018 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ബൈപ്പാസ് റോഡിലെ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കാനും, ബൈപ്പാസ് റോഡ് വീതികൂട്ടി നന്നാക്കുവാനും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇതിന്റെ ഭരണാനുമതിക്കായുള്ള നടപടി ക്രമങ്ങൾ എത് ഘട്ടത്തിലാണ് ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ പ്രധാന റോഡുകൾ</u>

7019 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഏതൊക്കെ റോഡുകളാണ് അഭിവൃദ്ധിപ്പെടുത്തുന്നത്;

(ബി) കാസർഗോഡ് ജില്ലയിലെ പ്രധാന സ്റ്റേറ്റ് ഹൈവേകളായ കാഞ്ഞങ്ങാട് - കാസർഗോഡ്, ചെർക്കള - ജാൽസൂർ, കാഞ്ഞങ്ങാട് - പാണത്തൂർ എന്നിവ സ്റ്റേറ്റ് റോഡ് പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>റോഡുകളുടെ അറ്റകുറ്റപണി</u>

7020 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ കുഴിയടയ്ക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പൂർത്തിയാക്കാൻ നൽകുന്ന സമയ പരിധി അറിയിക്കാമോ ;

(സി) ഈ ഇനത്തിൽ എത്ര തുക ചെലവാക്കാനുദ്ദേശിക്കുന്നു ;

(ഡി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നിർമ്മിച്ച ഏതെല്ലാം പ്രധാന റോഡുകളിലാണ് തകരാറുകൾ സംഭവിച്ചതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വൈക്കം - തലയോലപ്പറമ്പ് റോഡ് അറ്റകുറ്റപ്പണി</u>

7021 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം - പൂത്തോട്ട - കാഞ്ഞിരമറ്റം - നീർപ്പാറ - തലയോലപ്പറമ്പ് റോഡ് എൻ.എച്ച്. വിഭാഗം നിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്നതിന്മേൽ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) കരാർ പ്രകാരം ഈ റോഡ് എത്ര നാൾ കൊണ്ട് പൂർത്തിയാക്കാൻ കഴിയും;

(സി) തലയോലപ്പറമ്പ് നീർപ്പാറ ഭാഗത്തെ കുഴികൾ നികത്തുന്ന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(ഡി) വൈക്കം - പൂത്തോട്ട - കാഞ്ഞിരമറ്റം - നീർപ്പാറ-തലയോലപ്പറമ്പ് റോഡിന്റെ അലൈൻമെന്റിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ഇ) പ്രസ്തുത റോഡിന്റെ എ.എസ്. നൽകിയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇത് പൂർണ്ണമായും കേന്ദ്ര ഫണ്ട് ഉപയോഗിച്ചാണോ എന്നും ഏതു വർഷത്തെ ബഡ്ജറ്റിലാണ് ഇതിന് തുക അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(എഫ്) ഈ പദ്ധതിക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക മുഴുവൻ ഈ റോഡിന് തന്നെ ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മറ്റേതെങ്കിലും റോഡിനു വേണ്ടി വകമാറ്റിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ജി) പ്രസ്തുത റോഡിന് നിശ്ചിത കാലത്തെ മെയിന്റനൻസ് ഉറപ്പുവരുത്തിയിട്ടുണ്ടോ; ആയത് എത്ര കാലത്തേയ്ക്കാണ് എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് സ്പെഷ്യൽ ടീം

7022 കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമാക്കാൻ സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്പെഷ്യൽ ടീമിൽ ആരൊക്കെയാണ് അംഗങ്ങളെന്നും അവരുടെ ചുമതലകൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ടീമിന്റെ നിരീക്ഷണത്തിൽ ഇതിനകം എത്ര റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

പി. ഡബ്ല്യു. ഡി. റോഡുകളുടെ നിർമ്മാണ പുരോഗതി

7023 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ എത്ര പി. ഡബ്ല്യു. ഡി. റോഡുകൾ ഉണ്ട് ; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പുതിയതായി ഏതൊക്കെ റോഡുകൾ പി. ഡബ്ല്യു. ഡി ഏറ്റെടുക്കുണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് നിവേദനം ലഭിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ; ഇതിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ഗ്രാമീണ മേഖലയിലെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ നടപടി</u>

7024 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റോഡുകളല്ലാത്ത ഗ്രാമീണ മേഖലയിലെ പ്രധാന റോഡുകൾ പുനരുദ്ധരിക്കുന്നതിന് നിലവിൽ ഏതെല്ലാം കേന്ദ്ര - സംസ്ഥാന ഫണ്ടുകൾ ലഭ്യമാകുമെന്നും അവയുടെ മാനദണ്ഡങ്ങളും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ റിപ്പയർ, സോളിംഗ്, ടാറിംഗ് തുടങ്ങിയ പ്രവർത്തികൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് ചെയ്യാറുണ്ടോ;

(സി) ഇല്ലെങ്കിൽ ഗ്രാമീണ മേഖലയിലെ പ്രധാന റോഡുകളുടെ റിപ്പയറുകൾക്ക് പൊതുമരാമത്ത് വകുപ്പ് ആവശ്യമായ തുക വകയിരുത്തുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

പൈപ്പുലൈനുകൾ സ്ഥാപിക്കുന്നതുമൂലം കേടാകുന്ന റോഡുകൾ

7025 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കുടിവെള്ളപദ്ധതിയുടെ ഭാഗമായി പൈപ്പ് ഇടുന്നതിന് റോഡിൽ കുഴിയെടുത്ത സ്ഥലങ്ങളിൽ റോഡ് നന്നാക്കാത്തതിനാൽ ഗതാഗതത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്ഥലങ്ങളിൽ അടിയന്തിരമായി റോഡ് റിപ്പയർ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>തലയോലപ്പറമ്പ് - പാലാംകടവ് റോഡ്</u>

7026 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലയോലപ്പറമ്പ് സെക്ഷനു കീഴിലുളള തലയോലപ്പറമ്പ് മാർക്കറ്റ് - പാലാംകടവ്, പാലാംകടവ് - നൈസ് തീയേറ്റർ റോഡുകളുടെ ടാറിംഗ് ജോലികൾ പൂർത്തിയാക്കുന്നതിനുളള തടസ്സം വ്യക്തമാക്കുമോ; ജോലികൾ ഉടൻ പൂർത്തിയാക്കുന്നതിനുളള നടപടികൾ സ്വീകരിക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ വീതി എത്രയാണ്; ഈ വീതി റോഡിന്റെ മുഴുവൻ ഭാഗങ്ങളിലും ഉളളതായി ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) ഈ റോഡുകളിൽ കയ്യേറ്റം ഉളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിപ്പിക്കുന്നതിനുളള നടപടികൾ സ്വീകരിക്കുമോ;

(ഡി) മാർക്കറ്റ് റോഡിലെ തിരക്കു നിയന്ത്രിക്കുന്നതിനും വാഹന ഗതാഗതം സുഗമമാക്കുന്നതിനും എന്തു നടപടികളാണ് കൈക്കൊളളുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ചാലക്കുടി പേരാമ്പ്ര ജംഗ്ഷനിൽ അടിപ്പാത

7027 ശ്രീ. ബിഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്.47 (പുതിയ എൻ.എച്ച്. 66) നാലുവരിപ്പാതയാക്കിയതിനെ തുടർന്ന് ചാലക്കുടി പേരാമ്പ്ര ജംഗ്ഷനിൽ തുടർച്ചയായി ഉണ്ടാകുന്ന അപകടമരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ഒഴിവാക്കുന്നതിനും, കാൽനടക്കാർക്ക് സഞ്ചരിക്കുന്നതിന് അടിപ്പാത നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വൈക്കം, തലയോലപ്പറമ്പ് സെകഷനുകൾക്ക് കീഴിലെ റോഡ് റോളറുകൾ</u>

7028 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിന്റെ വൈക്കം, തലയോലപ്പറമ്പ് സെക്ഷനുകൾക്ക് കീഴിൽ എത്ര വീതം റോഡ് റോളറുകൾ ഉണ്ട് എന്നും ഇതിൽ പ്രവർത്തനക്ഷമമായവയും അല്ലാത്തവയും എത്ര വീതമെന്നും ഓരോന്നിന്റെയും കാലപ്പഴക്കം എത്രയെന്നും വ്യക്തമാക്കുമോ ?

(ബി) റോഡ് റോളറുകൾക്ക് മാത്രമായി ഡ്രൈവർമാരെ നിയോഗിച്ചിട്ടുണ്ടോ; അവ ഉപയോഗിക്കാതിരിക്കുമ്പോൾ ഇതിലെ ജീവനക്കാരെ മറ്റു വാഹനങ്ങളിലേക്ക് നിയോഗിക്കാറുണ്ടോ;

(സി) മരാമത്ത് വകുപ്പ് ഇപ്പോഴും റോളറുകൾ വാങ്ങുന്നുണ്ടോ; ഏറ്റവും അവസാനമായി ഏതു വർഷത്തിലാണ് റോഡ് റോളറുകൾ വാങ്ങിയത്?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ധര്‍മ്മടം മണ്ഡലത്തിലെ അപകടാവസ്ഥയിലുള്ള പാലങ്ങള്‍</u>

7029 ശ്രീ. കെ.കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ധര്‍മ്മടം നിയോജക മണ്ഡലത്തിലെ തട്ടാരിപ്പാലം, മൂന്നാംപാലം, ആട്ടൂര്‍പാലം എന്നിവ അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ എന്തെല്ലാം നടപടി സ്വീകരിച്ചു;

(ബി) ഇവയുടെ പുനരുദ്ധാരണം പ്രവൃത്തികള്‍ക്ക് ഭരണാനുമതി നല്‍കുന്ന കാര്യം പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കണ്ണൂര്‍ ജില്ലയിലെ അപകടാവസ്ഥയിലുള്ള പാലങ്ങള്‍</u>

7030 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയിലെ നാഷണല്‍ ഹൈവേ, സ്റ്റേറ്റ്ഹൈവേ, മേജര്‍ ഡിസ്ട്രിക്ട് റോഡുകള്‍ എന്നിവയില്‍ അപകടാവസ്ഥയിലുള്ള എത്ര പാലങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്;

(ബി) ഇതില്‍ എത്ര പാലങ്ങള്‍ പുതുതായി നിര്‍മ്മിക്കാന്‍ അനുമതി നല്‍കിയിട്ടുണ്ട്;

(സി) ബാക്കിയുള്ളവയ്ക്ക് അനുമതി നല്കാന്‍ നടപടി സ്വീകരിക്കുമോ;

(ഡി) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ഭരണാനുമതി നല്‍കിയ മൂലക്കീല്‍ക്കടവ്പാലം നിര്‍മ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ; പാലം നിര്‍മ്മാണം എന്ന് തുടങ്ങാനാകും ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>മുരിങ്ങൂർ ഡിവൈൻ നഗർ മേൽപ്പാലം</u>

7031 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ മുരിങ്ങൂർ ഡിവൈൻ നഗർ മേൽപ്പാലം നിർമ്മാണമാരംഭിക്കുന്നതിന് തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

കാഞ്ഞങ്ങാട് ചാളക്കടവ് പാലം നിർമ്മാണം

7032 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ചാളക്കടവ് പാലം നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) പാലത്തിന്റെ നിർമ്മാണപ്രവൃത്തി എന്ന് ആരംഭിക്കുമെന്നറിയിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>അങ്കമാലി കോതായിതോട് പാലം</u>

7033 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യംമ്പുഴ പഞ്ചായത്തിൽ കോതായിതോട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് മഞ്ഞപ്ര-അയ്യംമ്പൂഴ റോഡിനായി അനുവദിച്ച 168 ലക്ഷം രൂപയിൽ നിന്നും 68 ലക്ഷം രൂപ നീക്കി വച്ചിരുന്നതും എന്നാൽ പ്രസ്തുത പാലം പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകാൻ ഈ തുക മതി യാകാത്തതിനാൽ അധികമായി ആവശ്യമുണ്ടായിരുന്ന 62 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന ഫയലിൽ (30807/ഡി/പി.ഡബ്ള്യു.ഡി/2010) സ്വീകരിച്ചിട്ടുള്ള നട പടികൾ വിശദമാക്കാമോ ;

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിലെ കാലതാമസം വിശദമാക്കാമോ ;

(സി) ഇത് എന്ന് ലഭ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>അങ്കമാലി പുളിയനം റെയിൽവേ മേൽപാലത്തിന്റെ പ്രവൃത്തി</u>

7034 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ പുളിയനം റെയിൽവേ മേൽപാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണപ്രവർത്തിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിക്കായി നൽകിയ ഭരണാനുമതിയുടെയും സാങ്കേതികാനുമതിയുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ഈ പ്രവൃത്തി എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>തിരുവല്ലാ ഓട്ടാവീസ് കടവ് പാലത്തിന്റെ നിർമ്മാണം</u>

7035 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവല്ല നിയോജകമണ്ഡലത്തിലെ ഓട്ടാവീസ് കടവ് പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>തിരുവല്ല പനച്ചമൂട്ടിൽ കടവ് പാലത്തിന്റെ നിർമ്മാണം</u>

7036 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവല്ല നിയോജകമണ്ഡലത്തിലെ കറ്റൂർ പഞ്ചായത്തിലെ പനച്ചമൂട്ടിൽ കടവ് പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് എന്ന് ഗതാഗതത്തിനു തുറന്നു കൊടുക്കുവാൻ പറ്റുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പള്ളിക്കര റെയിൽവേ മേൽപ്പാലം നിർമ്മാണം</u>

7037

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ കാലിക്കടവ് - നീലേശ്വരം നാഷണൽ ഹൈവേയിൽ പള്ളിക്കര റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കുത്താമ്പുള്ളി റോഡിന്റെയും പാലത്തിന്റെയും നിർമ്മാണം</u>

7038 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ കുത്താമ്പുള്ളി റോഡിന്റെയും പാലത്തിന്റെയും നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് നബാർഡിൽ നിന്നും തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ നടപടികൾ ആരംഭിക്കുവാനുള്ള കാലതാമസത്തിന് കാരണങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത റോഡിന്റെയും പാലത്തിന്റെയും നിർമ്മാണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ അയിലം പാലം</u>

7039 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ അയിലം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഈ പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; കരാർ ഏറ്റെടുത്തിരിക്കുന്നത് ആരുടെ പേരിലാണ്?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പുരോഗതി</u>

7040 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ആയിരംതെങ്ങ്, തെക്കുംപാട് കടവ് പാലത്തിന്റെയും മാട്ടൂൽ - മടക്കര പാലത്തിന്റെയും നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) ഈ പാലങ്ങളുടെ നിർമ്മാണം ഏകദേശം പൂർത്തിയായിട്ടും പാലം നിർമ്മാണത്തിനായി പുഴ നികത്തിയ മണ്ണ് നീക്കം ചെയ്യാത്തതിനാൽ ഈ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും പരിസ്ഥിതി പ്രശ്നവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുഴ നികത്തിയ മണ്ണ് മാറ്റാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട ഇരിണാവ് - മടക്കര പാലത്തിന്റെ നിർവ്വഹണ പുരോഗതി അറിയിക്കുമോ;

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>തോട്ടുപാലം നിർമ്മിക്കുന്നതിന് നടപടി</u>

7041 ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന പഞ്ചായത്തിലെ മൂസഹാജി മുക്ക് - തോട്ടുകര - കിനാബിൽ റോഡിൽ തോട്ടുകര പാലം നിർമ്മിക്കുന്നതിന് മുൻ സർക്കാർ മലബാർ പാക്കേജിൽ 4 കോടി 60 ലക്ഷം രൂപ വകയിരുത്തിയിട്ടും പാലം പണി ആരംഭിക്കാൻ സാധിക്കാത്തിന്റെ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ടോൾ പിരിവ്</u>

7042 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടോൾ പിരിവ് നടത്തുന്ന ഓരോ പാലത്തിനും എത്ര തുകയാണ് പിരിഞ്ഞുകിട്ടേണ്ടതെന്ന് വ്യക്തമാക്കാമോ ;

(ബി) കാലാവധി കഴിഞ്ഞിട്ടും ഏതെങ്കിലും പാലത്തിന് ടോൾ പിരിക്കുന്നുണ്ടോ?